(ഡി) വ്യാജ റിക്രൂട്ടിങ് ഏജൻസികൾ ഈ വിവരങ്ങൾ മനസ്സിലാക്കി തൊഴിൽ രഹിതരെ കബളിപ്പിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വെബ്സൈറ്റിലെ വിവരങ്ങൾ ദുരുപയോഗം ചെയ്യാതിരിക്കാൻ ആവശ്യമായ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ ആന്റ് ബി) കേരള നിയമസഭയിൽ 15-1-2004-ന് ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗരേഖയുടെ 54-ാം ഖണ്ഡികയുടെ അടിസ്ഥാനത്തിലാണ് എംപ്ലോയ്മെന്റ് വകുപ്പിന്റെ വെബ്സൈറ്റ് നിലവിൽ വന്നത്.

(സി ആന്റ് ഡി) ഇല്ല.

(ഇ) എംപ്ലോയ്മെന്റ് വകുപ്പിന്റെ വെബ്സൈറ്റ് ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ദുരുപയോഗം ഒഴിവാക്കാൻ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർ

81 [2208] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പുതുതായി എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) എസ്.എസ്.എൽ.സി. പാസ്സായവർ എത്ര; എസ്.എസ്.എൽ.സി.-ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ എത്ര;

(സി) ഈ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്; കാറ്റഗറി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി 1,221,552 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) എസ്.എസ്.എൽ.സി.-യും അതിന് മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ എണ്ണം 1044006 പേർ. എസ്.എസ്.എൽ.സി.-ക്ക് താഴെ യോഗ്യതയുള്ളവർ 177546 പേർ.

(സി) വിവരം ശേഖരിച്ച് വരുന്നതാണ്.

കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ജീവനക്കാരുടെ അപര്യാപ്തത

82 [2209] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ കുറവുമൂലം കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടെ അനുവദിച്ച തസ്തികകളുടേയും 30-6-2004-ന് നിലവിലുള്ള ജീവനക്കാരുടേയും എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇവിടത്തെ സ്റ്റാഫ് പാറ്റേണിന്റെ മാനദണ്ഡം വെളിപ്പെടുത്താമോ;

(ഡി) ലൈവ് രജിസ്റ്റർ പ്രകാരം 1,49,000 ഉദ്യോഗാർത്ഥികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഇവിടെ 6 ക്ലാർക്കുമാർ മാത്രമാണുള്ളതെന്നും എൽ. ആറിന്റെ ആനുപാതികമനുസരിച്ചല്ല ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും മറ്റ് എക്സ്ചേഞ്ചുകളിലും ജീവനക്കാരുള്ളതെന്ന കാര്യവും കണക്കിലെടുത്തിട്ടുണ്ടോ;

(ഇ) നിലവിലുള്ള ഒഴിവുകളിൽ പ്രൊമോഷൻ നൽകിയും നിയമനം നടത്തിയും ജീവനക്കാരുടെ കുറവുമൂലം ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ ദൂരീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ജീവനക്കാരുടെ കുറവുണ്ടെങ്കിലും തന്മൂലം ഓഫീസിന്റെ പ്രവർത്തനം തടസ്സപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) അനുവദിച്ച തസ്തികകൾ:

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ	..	1
എംപ്ലോയ്മെന്റ് ഓഫീസർ (വിജി)	..	1
എംപ്ലോയ്മെന്റ് ഓഫീസർ (ഇ.എം.ഐ.)	..	1
എംപ്ലോയ്മെന്റ് ഓഫീസർ (എസ്.ഇ.)	..	1
ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ	..	3
ജൂനിയർ സൂപ്രണ്ട്	..	2
ഹെഡ് ക്ലാർക്ക്	..	1
യു.ഡി. ക്ലാർക്ക്	..	5
എൽ.ഡി. ക്ലാർക്ക്	..	4
സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്	..	1
എൽ. ഡി. ടൈപ്പിസ്റ്റ്	..	1
പ്യൂൺ	..	3
ക്ലറിക്കൽ അറ്റൻഡർ	..	1
ആകെ	..	25

LIBRARY ARCHIVES Kerala Legislative Assembly

30-6-2004-ലെ ജീവനക്കാരുടെ എണ്ണം:

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ	..	1
എംപ്ലോയ്മെന്റ് ഓഫീസർ (വിജി)	..	1
ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ	..	3
ജൂനിയർ സൂപ്രണ്ട്	..	2
ഹെഡ് ക്ലാർക്ക്	..	1
യു.ഡി. ക്ലാർക്ക്	..	2
എൽ.ഡി. ക്ലാർക്ക്	..	2
എൽ. ഡി. ടൈപ്പിസ്റ്റ്	..	1
പ്യൂൺ (ഹയർ ഗ്രേഡ്)	..	1
ആകെ	..	14

(സി) ഒ ആന്റ് എം സ്റ്റഡി ഗ്രൂപ്പ് ശുപാർശ ചെയ്ത പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്.

(ഡി) ജോലി ഭാരത്തിനനുസരിച്ചാണ് ജീവനക്കാരെ നിയമിക്കുന്നത്. ചില എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ജോലിഭാരത്തിനനുസൃതമായി ജീവനക്കാർ ഇല്ലാത്തതിനാൽ കൂടുതൽ ആളുകളെ നിയമിക്കണമെന്ന ആവശ്യം വകുപ്പിന്റെ പരിഗണനയിലാണ്. പുനർ വിന്യാസത്തിലൂടെ ലൈവ് രജിസ്റ്ററിന്റെ അനുപാതമനുസരിച്ച് ജോലിഭാരമുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കൂടുതൽ ജീവനക്കാരെ അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

(ഇ) ഉദ്യോഗക്കയറ്റം വഴിയും പി.എസ്.സി. മുഖേനയും നികത്തുവാൻ കഴിയുന്ന എല്ലാ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ കൈക്കൊണ്ടു വരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരം ജോലി ലഭിച്ചവരുടെ എണ്ണം

83 [2210] ശ്രീ. സി. റ്റി. അഹമ്മദ് അലി:

,, സി. മമ്മൂട്ടി:

,, കെ. കുട്ടി അഹമ്മദ് കുട്ടി:

,, കെ. എൻ. എ. ഖാദർ:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ഒരു വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരം ജോലി ലഭിച്ചവരെത്ര എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly